# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

## <u>വിജ്ഞാപനം</u>

നമ്പർ: DE 1 (1) 4317 /2015/EW

തിരുവനന്തപുരം,
തീയതി.24.11.2015

## ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് (വാചാ പരീക്ഷ) ജനുവരി 2016

1. സർവ്വീസിലുള്ള അന്ധരായ ഉദ്യോഗസ്ഥർക്ക് വേണ്ടി താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വാചാ പരീക്ഷയ്ക്ക് (Viva-Voce) [G.O (P)No. 31/11/P&ARD dated 07.09.2011 പ്രകാരം] 04.08.1984 ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 93615/എസ്.സി.4/84/ജി.എ.ഡി പ്രകാരം നിലവിലുള്ള മാതൃകയിൽ അച്ചടിച്ചതോ ടൈപ്പ് ചെയ്തതോ ആയ അപേക്ഷാഫാറത്തിൽ അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. നിർദ്ദിഷ്ട ഫാറത്തിൽ അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ് (33×21cm). വാചാ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന പരീക്ഷാർത്ഥികൾ തങ്ങളുടെ കാഴ്ച വൈകല്യം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾ നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം അയച്ചു തരേണ്ടതാണ്.

അപേക്ഷാ ഫോറത്തിന്റെ മാതൃകയ്ക്ക് അനുബന്ധം 'C' നോക്കുക.
താഴെ പറയുന്ന മേഖലകളിൽ വച്ചാണ് വാചാ പരീക്ഷ നടക്കുക.

(1) തിരുവനന്തപുരം
(2) എറണാകുളം
(3) കോഴിക്കോട്

**2.** **<u>അപേക്ഷകൾ ഈ ഓഫീസിൽ കിട്ടിയിരിക്കേണ്ട അവസാന തീയതി :23.12.2015</u>**

***അപേക്ഷകൾ 23.12.2015 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ സ്വീകരിക്കുന്നതായിരിക്കും.*** താമസിച്ചു കിട്ടുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിനു മുൻപു തന്നെ ഫീസ് അടയ്ക്കുന്നതിലും അപേക്ഷ സമർപ്പിക്കുന്നതിലും പരീക്ഷാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാലതാമസം ഒഴിവാക്കുന്നതിലേക്കായി ഓഫീസ് മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ പരീക്ഷാർത്ഥികൾ നേരിട്ട് അയയ്ക്കേണ്ടതാണ്.

**3.** **<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>: അപേക്ഷകൾ ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം - 695004** എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷകൾ അടക്കം ചെയ്ത കവറിന് മുകളിൽ "Application for Admission to the Departmental Test for Blind

Candidates (Viva-voce) January 2016" എന്നും കവറിന്റെ താഴെ ഇടതു വശത്തായി അപേക്ഷകന്റെ മേൽവിലാസവും വ്യക്തമായി എഴുതേണ്ടതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ചെയർമാൻ, മെമ്പർമാർ, സെക്രട്ടറി എന്നിവരുടെ പേർക്ക് അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

4. വാചാ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന അന്ധരായ പരീക്ഷാർത്ഥികൾക്ക് അക്കൗണ്ട് ടെസ്റ്റ് ലോവറിനും, അക്കൗണ്ട് ടെസ്റ്റ് ഹയറിനും നിലവിലുള്ള സിലബസ് പ്രകാരം ലോവർ, ഹയർ നിലവാരത്തിൽ ഓരോ വാചാ പരീക്ഷയും നിർബന്ധിത പേപ്പറുകൾക്ക് (obligatory) ഓരോ വാചാപരീക്ഷയും, MOP, DOM, Secretariat Office Manual തുടങ്ങിയ without book പേപ്പറുകൾക്ക് മറ്റൊരു വാചാ പരീക്ഷയും ആയിരിക്കും കമ്മീഷൻ നടത്തുന്നത്. പരമാവധി മാർക്ക് 100 ഉം ജയിക്കാനാവശ്യമായ മിനിമം മാർക്ക് 40 ഉം ആണ്. <u>വാചാപരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ ഒരു ടെസ്റ്റിന് എത്ര പേപ്പറുകൾ ഉണ്ടോ അത്രയും പേപ്പറുകൾക്ക് മുഴുവനായും അപേക്ഷിക്കേണ്ടതാണ്.</u>
<u>എതെങ്കിലും ടെസ്റ്റിന് ഭാഗികമായി അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.</u>

5. വാചാപരീക്ഷയ്ക്കുള്ള സമയവിവര പട്ടികകൾ ഉൾക്കൊള്ളുന്ന അഡ്മിഷൻ ടിക്കറ്റ് ഈ ആഫീസിൽ നിന്നും പരീക്ഷാർത്ഥികൾക്ക് നേരിട്ട് അയച്ചു തരുന്നതാണ്.

6. വകുപ്പുതല പരീക്ഷകൾ സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. പരീക്ഷാർത്ഥികൾ പ്രസ്തുത വിവരം അപേക്ഷയുടെ 6-ാം കോളത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. <u>**അപേക്ഷാഫീസ്:-**</u> ഫീസ് ***ഓരോ പേപ്പറിനും 75/- (എഴുപത്തി അഞ്ച്) രൂപ*** എന്ന നിരക്കിലാണ്. ഈ അടിസ്ഥാനത്തിൽ ഒരു ടെസ്റ്റിന് എത്ര പേപ്പറുകൾ ഉണ്ട് എന്ന് കണക്കാക്കി മൊത്തം പരീക്ഷാഫീസ് അടയ്ക്കേണ്ടതാണ്. പരീക്ഷയ്ക്കുള്ള ഫീസ് സംസ്ഥാനത്തെ ഏതെങ്കിലും ഗവൺമെന്റ് ട്രഷറിയിൽ **"0051-00-105-99-00 Examination Fee"** എന്ന അക്കൗണ്ട് ഹെഡ്ഡിൽ അടയ്ക്കേണ്ടതും അസ്സൽ ചെലാൻ രസീതു തന്നെ അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതുമാകുന്നു. സംസ്ഥാനത്തിനു പുറത്തുള്ള അപേക്ഷകർ ചെലാൻ രസീതിനുപകരം ക്രോസ്ചെയ്ത പോസ്റ്റൽ ഓർഡർ (Crossed Postal Order payable to the Secretary, Kerala Public Service Commission, Pattom, Thiruvananthapuram-4) അപേക്ഷയോടൊപ്പം അയച്ചാൽ മതിയാകുന്നതാണ്. <u>**കേരള സംസ്ഥാനത്തിൽ നിന്നുള്ള അപേക്ഷകർ അപേക്ഷാഫീസ് പോസ്റ്റൽ ഓർഡറായി എടുത്ത് അപേക്ഷിച്ചാൽ അക്കാരണത്താൽ തന്നെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്**</u>. ഒരിക്കൽ അടച്ച പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ കൊടുക്കുന്നതല്ല.

**നോട്ട്:- (എ)** നേരിട്ടുള്ള നിയമനം വഴിയോ ട്രാൻസ്ഫർ മുഖാന്തിരമോ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ പ്രൊബേഷന്റെയോ ട്രെയിനിംഗിന്റെയോ പൂർത്തീകരണത്തിനോ ഏതെങ്കിലും തസ്തികയിൽ ഇൻക്രിമെന്റോ സ്ഥിരപ്പെടുത്തലോ ലഭിക്കുന്നതിനോ ഉയർന്ന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം കിട്ടുന്നതിനോ ഒരു പോസ്റ്റിൽ പിഴകൂടാതെ തുടരുന്നതിനോ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ (obligatory tests) പ്രസ്തുത ടെസ്റ്റുകൾക്കും സർവ്വീസിലുള്ള ആളുകൾക്ക് പുതുതായി ഏതെങ്കിലും ടെസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ടെസ്റ്റുകൾക്കും **G.O.(MS)166/76/PD dated 04.06.1976** അനുസരിച്ച് ജീവനക്കാർക്ക് അതാത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗക്കയറ്റങ്ങൾക്ക് (Line of promotion) **ഉള്ള തസ്തികകളിലേയ്ക്ക് ആവശ്യമായ വകുപ്പ്തല പരീക്ഷകൾക്ക് അപേക്ഷകരിൽ നിന്ന് ഫീസ് ഈടാക്കുന്നതല്ല.** ഈ സൗജന്യം ഓരോ ടെസ്റ്റിനെ സംബന്ധിച്ചിടത്തോളവും ഒരാൾക്ക് ഒന്നിൽ കൂടുതൽ തവണ ലഭിക്കുന്നതല്ല **(G.O.(MS)26/76/PD dated 25.01.1976).** രണ്ടാമത്തെ തവണ മുതൽ ഫീസ് ഈടാക്കുന്നതാണ്. ഒരു പരീക്ഷയ്ക്ക് അപേക്ഷിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ പരീക്ഷയിൽ പങ്കെടുക്കാതിരിക്കുകയും ചെയ്താൽ അതും ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ള തവണയായി കണക്കാക്കപ്പെടുന്നതാണ്. ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ളത് ഓരോ ടെസ്റ്റിനും മുഴുവനായിട്ടാണ്. അല്ലാതെ പല പേപ്പറുകളുള്ള ഓരോ ടെസ്റ്റിന്റെയും ഓരോ പേപ്പറുകളായിട്ടല്ല. (G.O.(MS)29/75/PD dated 06-02-1975) മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾ G.O.(MS)249/70/PD dated 22.07.1970 അനുസരിച്ച് ഗവൺമെന്റ് സർവീസിലുള്ള ടൈപ്പിസ്റ്റുകൾക്കും സ്റ്റെനോഗ്രാഫർമാർക്കും G.O.(Ms.)274/71/PD dated 27.08.1971 അനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന എസ്സ്.എസ്സ്.എൽ.സി. സ്റ്റാന്റേർഡ് (S.S.L.C Standard) ലുള്ള ക്ലറിക്കൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള താഴ്ന്ന വരുമാനക്കാരായ ഗവണ്മെന്റ് ജീവനക്കാർക്കും G.O.(Rt.)No.706/75/PD dated 21.07.1975 അനുസരിച്ച് കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജീവനക്കാർക്കും G.O.(Ms.)No.302/75/G. Edn. dated 17.12.1975 അനുസരിച്ച് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കേരളത്തിലെ എയിഡഡ് ഹൈസ്കൂളിലേയും എയിഡഡ് ട്രെയിനിംഗ് സ്കൂളിലേയും ഹെഡ്മാസ്റ്റർമാർക്കും മറ്റു ജീവനക്കാർക്കും G.O.(Ms.)No.146/76/G.Edn. dated 04.08.1976 അനുസരിച്ച് ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്കും കേരളത്തിലെ പ്രൈമറി സ്കൂളുകളിലേയും അപ്പർപ്രൈമറി സ്കൂളുകളിലേയും ഹെഡ്മാസ്റ്റർമാർക്കും പി.ഡി. ടീച്ചർമാർക്കും G.O.(P)No.150/77/PW dated 17.9.1977 അനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ ജൂനിയർ

എഞ്ചിനീയർമാരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും തുടർന്ന് ഉദ്യോഗക്കയറ്റം കിട്ടുന്നതിനും നിർബന്ധമാക്കപ്പെട്ടിരിക്കുന്ന പി. ഡബ്ല്യൂ.ഡി. മാനുവൽ ടെസ്റ്റിനും (P.W.D. Manual Test) ലഭിക്കുന്നതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും യൂണിവേഴ്സിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, കെ. എസ്സ്. ആർ. ടി. സി., വാട്ടർ അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ കേരള പഞ്ചായത്ത് കോമൺ സർവ്വീസിലുള്ള ജീവനക്കാർക്ക് G.O.(MS)No.215/86/LAD dated 28.10.1986 പ്രകാരം ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്ക് ഫീസ് സൗജന്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് G.O(Rt.)No.101/78/AD dated 16.1.1978 പ്രകാരം ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്ക് ഫീസ് സൗജന്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(ബി)** മുകളിൽ നോട്ട് (എ) ൽ പറഞ്ഞിട്ടുള്ളവർക്കു മാത്രമേ ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം അർഹരായ അപേക്ഷകരുടെ പൂരിപ്പിച്ച അപേക്ഷകളിൽ വകുപ്പ് മേധാവി/ഓഫീസ് മേലധികാരി സർട്ടിഫിക്കറ്റ് പൂർണ്ണമായി പൂരിപ്പിച്ചിരിക്കേണ്ടതും സൗജന്യം അർഹിക്കുന്ന ടെസ്റ്റുകളുടെ പൂർണ്ണ വിവരം നിർദ്ദിഷ്ട സ്ഥലത്തു രേഖപ്പെടുത്തി പേരെഴുതി ഒപ്പിട്ട് ആഫീസ് മുദ്ര പതിപ്പിച്ചിരിക്കേണ്ടതുമാണ്. അപൂർണ്ണമായ സർട്ടിഫിക്കറ്റോടുകൂടിയ അപേക്ഷകൾ നിരസിക്കുന്നതാണ്**.**

**8.** അനുബന്ധം A യിൽ 5-ാമതായി കൊടുത്തിരിക്കുന്ന പി.ഡബ്ല്യു.ഡി. മാനുവൽ ടെസ്റ്റ്, പൊതുമരാമത്ത് വകുപ്പിലെ ജൂനിയർ എഞ്ചിനീയർമാർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനും തുടർന്നുള്ള ഉദ്യോഗക്കയറ്റത്തിനും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് ലോവറിനും പി.ഡബ്ല്യു.ഡി. ടെസ്റ്റിനും പുറമേ നിർബന്ധമാക്കിയിട്ടുള്ളതാണ്. [G.O(P)No.150/77/PW dated 17.01.1977]

അനുബന്ധം A യിലെ (Annexure-A) പോലീസ് ടെസ്റ്റ് 18,19 എന്നിവ പ്രത്യേകം ടെസ്റ്റുകൾ തന്നെയായിരിക്കും. [G.O(MS)No.146/82/Home (A) Department dated 16.12.1982 അനുസരിച്ച്]

**9.** അനുബന്ധം A യിൽ 42-ാമതായി കൊടുത്തിരിക്കുന്ന കേരള ചുമട്ടു തൊഴിലാളി നിയമങ്ങളെ സംബന്ധിച്ച ഡിപ്പാർട്ട്മെന്റൽ പരീക്ഷ കേരള ചുമട്ടു തൊഴിലാളിക്ഷേമനിധി ബോർഡിലെ യു.ഡി. ക്ളാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേനയോ തസ്തികമാറ്റം മുഖേനയോ നിയമനം ലഭിക്കുന്നതിനായി എം. ഓ. പി., അക്കൗണ്ട് ടെസ്റ്റ് (ലോ

വർ) എന്നിവയ്ക്ക് പുറമെ നിർബന്ധമായും ജയിച്ചിരിക്കേണ്ടതാണ്. [G.O(Rt.)No.3022/2008/തൊഴിൽ dated 31.12.2008]

**10.** ഫ്രീ ചാൻസ് ഒഴികെയുള്ള അവസരങ്ങളിൽ, അന്യത്ര സേവനത്തിൽ തുടരുന്ന ജീവനക്കാർ അവിടുത്തെ തന്നെ ആഫീസ് മേധാവി/ വകുപ്പ് മേധാവിയെക്കൊണ്ട് അപേക്ഷയും അഡ്മിഷൻ ടിക്കറ്റും സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.

**11.** ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിട്ടുള്ള സർക്കാർ ജീവനക്കാർ വകുപ്പുതല (വാചാ) പരീക്ഷയ്ക്ക് ഹാജരാക്കുന്ന അപേക്ഷയിലേയും അഡ്മിഷൻ ടിക്കറ്റിലേയും സാക്ഷ്യപ്പെടുത്തലുകൾ (ഫ്രീ ചാൻസ് ഒഴികെയുള്ളവ) ബന്ധപ്പെട്ട ജനപ്രതിനിധി തന്നെ നിർവ്വഹിച്ചാലും മതിയാകും. അവരുടെ പേര്, പദവി മുതലായവ ഉൾക്കൊള്ളുന്ന സീലുകൾ യഥാസ്ഥാനത്ത് നിർബന്ധമായും പതിച്ചിരിക്കണം.

**12.** സംസ്ഥാനത്തിലെ തമിഴും കന്നടയും ഭാഷാന്യൂനപക്ഷങ്ങളിൽപ്പെട്ടവർക്ക് യൂണിഫൈഡ് വില്ലേജ് മാനുവൽ ടെസ്റ്റ്, കേരള രജിസ്ട്രേഷൻ ടെസ്റ്റ്, കനാൽ റൂൾസ് ടെസ്റ്റ് എന്നിവയ്ക്ക് തമിഴിലോ കന്നടയിലോ തന്നെ ഉത്തരം പറയുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്. അപ്രകാരം തമിഴിലോ കന്നടയിലോ ഉത്തരം പറയുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷാഫാറത്തിന്റെ 6 -ാം കോളത്തിൽ ആ വിവരം വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്.

**13.** അപേക്ഷാഫാറം:- ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്കുള്ള അപേക്ഷകൾ (Annexture-C) അച്ചടിച്ചതോ ടൈപ്പ് ചെയ്തതോ സ്റ്റെൻസിൽ ചെയ്തതോ തന്നെ ആയിരിക്കേണ്ടതാണ്. കൈകൊണ്ടെഴുതിയ ഫാറത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. അപേക്ഷാഫാറത്തിനോടൊപ്പം അഡ്മിഷൻ ടിക്കറ്റ് (Annexture-D) കൂടി അയച്ചു തരേണ്ടതാണ്. രണ്ടും വെവ്വേറെ പേപ്പറുകളിൽ എടുത്തവ ആയിരിക്കണം. പരീക്ഷാർത്ഥിയുടെ ആറു മാസത്തിനകം എടുത്ത പാസ്പോർട്ട്സൈസ് ഫോട്ടോ അപേക്ഷയിലും അഡ്മിഷൻ ടിക്കറ്റിലും പ്രത്യേകം നിർദ്ദേശിക്കുന്ന സ്ഥലത്ത് (അതായത്, അഡ്മിഷൻ ടിക്കറ്റിന്റെ വലതുവശം മുകളിലായി) പതിക്കേണ്ടതാണ്. നിശ്ചിത ഫീസ് അടച്ച് പരീക്ഷാർത്ഥികൾ തങ്ങളുടെ കൺട്രോളിംഗ് ഓഫീസറെ കൊണ്ടു സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഫീസ് സൗജന്യത്തിന് **(Free Chance)** അർഹതയുള്ള പരീക്ഷാർത്ഥികൾ ബന്ധപ്പെട്ട ഓഫീസ്/വകുപ്പ് മേധാവിയെക്കൊണ്ടും പരീക്ഷാർത്ഥി ഓഫീസ് മേധാവിയാണെങ്കിൽ അദ്ദേഹത്തിന്റെ മേലധികാരിയെ/ വകുപ്പുതലവനെക്കൊണ്ടും സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്തുന്ന ആളിന്റെ പേരും ഉദ്യോഗപ്പേരും ഓഫീസ് സീലും നിർബന്ധമായും കാണിച്ചിരിക്കണം. അപേക്ഷാഫോറത്തിലും അഡ്മിഷൻ ടിക്കറ്റിലും ഫോട്ടോ പതിച്ച് മേൽപ്പറഞ്ഞ രീതിയിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ലെങ്കിൽ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിർദ്ദിഷ്ട

ഫോറത്തിലല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. യഥാസ്ഥാനത്ത് ഒപ്പോ/വിരലടയാളമോ രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളും നിരസിക്കുന്നതാണ്. ഒന്നിലധികം ടെസ്റ്റിന് ചേരണമെന്നുള്ളവരും ഒരു അപേക്ഷ അയച്ചാൽ മതിയാകുന്നതാണ്. അപേക്ഷാ ഫോറത്തോട് ഒരുമിച്ചുള്ള അഡ്മിഷൻ ടിക്കറ്റിൽ അപേക്ഷകർ എഴുതേണ്ട പോസ്റ്റൽ അഡ്രസ്സ് സഹിതം എല്ലാ വിവരങ്ങളും കൃത്യമായും വ്യക്തമായും എഴുതിയിരിക്കണം. അപേക്ഷാഫോറത്തിലും അഡ്മിഷൻ ടിക്കറ്റിലും അപേക്ഷിക്കുന്ന ടെസ്റ്റിന്റെ/പേപ്പറിന്റെ വിവരം ഒരുപോലെ അനുബന്ധം 'എ' യിൽ കൊടുത്തിരിക്കുന്നതുപോലെ തന്നെ വളരെ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഉദാ:- Account Test (Lower) - 4 Papers

പുതുക്കിയ അപേക്ഷാഫോറത്തിന്റെ മാതൃക അനുബന്ധം 'സി' യിലും അഡ്മിഷൻ ടിക്കറ്റിന്റെ മാതൃക അനുബന്ധം 'ഡി' യിലും ചേർത്തിട്ടുണ്ട്.

കുറിപ്പ്:- പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിലും അപേക്ഷയിലും ഫോട്ടോ പതിക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഉദ്യോഗാർത്ഥിയുടെ പാസ്പോർട്ട്സൈസ് വലിപ്പത്തിലുള്ള ഫോട്ടോ (4.5cm×3.5cm) ആയിരിക്കണം പതിക്കേണ്ടത്.
2. ഫോട്ടോ ആറുമാസത്തിനകം എടുത്തവയായിരിക്കണം.
3. സ്റ്റാമ്പ് സൈസ് ഫോട്ടോ സ്വീകാര്യമല്ല.
4. ഉദ്യോഗാർത്ഥിയുടെ മുഖം പൂർണ്ണമായി ഫോട്ടോയുടെ മദ്ധ്യഭാഗത്തായി പതിഞ്ഞിരിക്കേണ്ടതാണ്.
5. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുക്കുന്ന ഫോട്ടോകളായിരിക്കണം പതിക്കേണ്ടത്.
6. ഫോട്ടോ നിർബന്ധമായും വെള്ള നിറത്തിലുള്ള മാറ്റ് പേപ്പറിൽ എടുത്തതായിരിക്കണം.

**14.** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ മിനിസ്റ്റീരിയലും എക്സിക്യൂട്ടീവും വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിശ്ചയിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് ലോവറിന് അപേക്ഷ അയയ്ക്കുന്നവർ അപേക്ഷാഫോറത്തിന്റെ 6 -ാം കോളത്തിൽ ടെസ്റ്റിന്റെ പേരായ 'അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഫോർ ദി സ്റ്റാഫ് ഓഫ് ദി കെ.എസ്ഇ.ബി' എന്ന് എഴുതിയിരിക്കേണ്ടതാണ്. ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥൻമാർക്കു വേണ്ടിയുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ) മൂന്നും നാലും പേപ്പറുകളും ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് വേണ്ടിയുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ) മൂന്നും നാലും പേപ്പറുകളും തമ്മിൽ വ്യത്യാസം ഉള്ളതുകൊണ്ട് ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

15. താഴെപ്പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(1) മതിയായ അപേക്ഷാ ഫീസ് ഇല്ലാത്ത അപേക്ഷകൾ.
(2) പരീക്ഷാർത്ഥിയുടെ ഒപ്പോ വിരലടയാളമോ ഇല്ലാത്ത അപേക്ഷകൾ

(3) അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന ദിവസത്തിന് ശേഷം ലഭിച്ച അപേക്ഷകൾ.
(4) നിശ്ചിത ഫോറത്തിൽ (വലിപ്പം 33cm × 21cm) അല്ലാത്ത അപേക്ഷകൾ
(5) നിശ്ചിത ഫീസ് അടച്ചതിനു തെളിവ് ഇല്ലാതെയുള്ള അപേക്ഷകൾ
(6) അപേക്ഷയിലും അഡ്മിഷൻ ടിക്കറ്റിലും അപേക്ഷകന്റെ ഫോട്ടോ പതിക്കാതെ യുള്ളത്.
(7) വ്യക്തമല്ലാത്ത ഫോട്ടോ പതിച്ച അപേക്ഷകൾ.
(8) അപേക്ഷയിലും അഡ്മിഷൻ ടിക്കറ്റിലും ഓഫീസ് മേലധികാരി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്താത്ത ഫോട്ടോ പതിച്ച അപേക്ഷകൾ
(9) അപേക്ഷയിലും അഡ്മിഷൻ ടിക്കറ്റിലുമുള്ള ഫോട്ടോയിൽ ഓഫീസ് മേലധികാരി/ വകുപ്പ് മേധാവിയുടെ ഔദ്യോഗിക പദവി രേഖപ്പെടുത്തിയ സീൽ പതിക്കാത്ത അപേക്ഷകൾ.
(10) അപേക്ഷയിലും അഡ്മിഷൻ ടിക്കറ്റിലും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേര് രേഖപ്പെടുത്താത്ത അപേക്ഷകൾ
(11) വിഷയങ്ങൾ വ്യക്തമായി രേഖപ്പെടുത്താത്ത അപേക്ഷകൾ
(12) അപേക്ഷകന്റെ ഔദ്യോഗിക പദവി രേഖപ്പെടുത്താത്ത അപേക്ഷകൾ
(13) അപേക്ഷയിലും അഡ്മിഷൻ ടിക്കറ്റിലും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഓഫീസ് മുദ്ര പതിക്കാത്ത അപേക്ഷകൾ
(14) അഡ്മിഷൻ ടിക്കറ്റിലെ സർട്ടിഫിക്കറ്റ് ഭാഗം സാക്ഷ്യപ്പെടുത്താത്ത അപേക്ഷകൾ.
(15) ആഫീസ് മേലധികാരിയുടെ സാക്ഷ്യപത്രമില്ലാതെ ഫീസ് സൗജന്യം (Free Chance) അവകാശപ്പെടുന്ന അപേക്ഷകൾ
(16) പരീക്ഷാ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനുള്ള അർഹത ഇല്ലാതെ സൗജന്യ അവസരം ലഭിക്കുന്നതിന് അപേക്ഷിച്ചവരുടെ അപേക്ഷകൾ
(17) ഒരിക്കൽ മുഴുവൻ പേപ്പറുകൾക്കും സൗജന്യ അവസരം അനുവദിക്കപ്പെടുകയും പിന്നീട് ഭാഗികമായി മാത്രം സൗജന്യ അവസരത്തിന് അപേക്ഷിക്കുകയും ചെയ്തി ട്ടുള്ളവരുടെ അപേക്ഷകൾ
(18) ഒരു ടെസ്റ്റിന് ഭാഗികമായി അപേക്ഷിച്ചിട്ടുള്ള അപേക്ഷകൾ.

(ഒപ്പ്)
**സാജുജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ**
**തിരുവനന്തപുരം**

| **Annexure - A** | |
|---|---|
| **Name of Test** | **Syllabus** |
| 1. Secretariat Manual Test (One Paper) | The Kerala Secretariat Office Manual |
| 2. District Offices Manual Test (One Paper | The District Office Manual |
| 3. Manual of Office Procedure Test (One Paper) | Manual of Office Procedure for use in Offices other than Secretariat |
| 4. Departmental Test for the Staff of the Kerala Public Service Commission | The Kerala Public Service Commission Office Manual |
| 5. P W D Manual Test | The Kerala P W D Manual and additions amendment to it from time to time |
| 6. Account Test (Lower) – 4 Papers | 1. Kerala Service Rules<br>2. Kerala Financial Code Volumes I and II and Kerala Budget Manual<br>3. Kerala Account Code Volume I and Introduction to the Indian Government Accounts and Audit (V Edition except Chapter 12, 26, 27, 28 and 29) .<br>4. The Kerala Treasury Code Volume I and II and Kerala Account Code Volume II |
| 7. Account Test (Lower) for the Ministerial and Executive Staff of the K S E Board - 4 Papers | 1. Kerala Service Rules<br>2. Kerala Financial Code Volumes I and II and the Kerala Budget Manual<br>3. Elements of Commercial Accounts Book-keeping - All Chapters except Chapters XIII and XV dealing in Partnership Accounts and Company Accounts respectively of the Books Double Entry Book-Keeping by Jamshed R.Batliboi.<br>4. Kerala Account Code Volume I and Kerala Treasury Code Volume I |
| 8. Account Test for Executive Officers - 2 Papers | 1. Kerala Financial Code Volumes I and II. The Kerala Account Code Volume I and Kerala Budget Manual (Chapters I to IV, VI and VII)<br>2. Kerala Service Rules |

| | |
|---|---|
| 9. Account Test (Higher) – 4 Papers | **Part I**<br>1. Kerala Financial Code Volumes I,II and Kerala Budget Manual. |
| | **Part II**<br>1. Introduction to Indian Government Accounts and Audit (V edition except Chapters 12, 26, 27, 28 and 29) The Constitution of India and Kerala Accounts Code Volume I.<br>2. Kerala Treasury Code Volumes I and II and the Kerala Account Code Volume II<br>3. Kerala Service Rules |
| 9A. Account Test (Higher) – 5 papers for those working in P W D and Elecricity Board | **Part I**<br>1. Kerala Public Works Account Code and Kerala Account Code Volume III<br>2. Kerala Financial Code Volumes I, II and Kerala Budget Manual. |
| | **Part II**<br>3. Introduction to Indian Government Accounts and Audit (V edition except Chapters 12, 26, 27, 28 and 29) The Constitution of India and Kerala Accounts Code Volume I .<br>4. Kerala Treasury Code Volumes I and II and the Kerala Account Code Volume II<br>5. Kerala Service Rules |
| 10. Kerala P W D Test -2 Papers- | 1. Kerala P W D Code<br>2. Kerala P W D Account Code |
| 11. Departmental Test for the Ministerial Staff of the K S E Board -4 Papers- | 1. Kerala P W D Code<br>2. Kerala P W D Account Code<br>3. Electricity Supply Act (Chapters I to IV and VI), Store Accounting Rules, Tariff and Revenue Accounting Rules.<br>4. Departmental Manual of Office Procedure. |

| | |
|---|---|
| 12. Departmental Test for Executive Staff of K S E Board -3 Papers- | 1. Kerala P W D Code<br>2. Kerala P W D Accounts Code<br>3. Electricity Supply Act, Electricity Act and Rules , Store Accounts, Tariff and Revenue Accounting Rules. |
| 13. The Kerala Municipal Tests-<br>3 Papers- | 1. Kerala Service Rules.<br>2. Kerala Financial Code Volumes I and II and the Kerala Budget Manual, Kerala Account Code Vol.I and II.<br>3. Act and Rules, Special Services Rules and Standing Orders as described hereunder<br><br>(a) Kerala Municipalities Act and Rules.<br>(b) The Kerala Municipal Corporation Act, 1961.<br>(c) Local Authorities Loans Act and Rules.<br>(d) Local Authorities Entertainment Tax Act and Rules.<br>(e) Places of Public Resort Act and Rules.<br>(f) Public Health Act and Rules.<br>(g) Food Adulteration Act and Rules.<br>(h) Town Planning Act and Rules.<br>(i) Cattle Trespass Act and Rules.<br>(j) Other Acts and Rules prescribed from time to time.<br>(k) Special Service Rules framed for Local Body Employees.<br>(l) Standing Orders in respect of Municipal Matters. |
| 14. Municipal Department Test<br>(One Paper) | 1. Act and Rules, Special Service Rules and Standing Orders as described hereunder<br><br>(a) Kerala Municipalities Act and Rules.<br>(b) The Kerala Municipal Corporation Act, 1961.<br>(c) Local Authorities Loans Act and Rules.<br>(d) Local Authorities Entertainment Tax Act and Rules.<br>(e) Places of Public Resort Act and Rules.<br>(f) Public Health Act and Rules.<br>(g) Food Adulteration Act and Rules.<br>(h) Town Planning Act and Rules.<br>(i) Cattle Trespass Act and Rules. |

| | |
|---|---|
| | (j) Other Acts and Rules prescribed from time to time.<br>(k) Special Service Rules framed for Local Body Employees.<br>(l) Standing Orders in respect of Municipal Matters (Common paper under item 13 (3) above). |
| 15. Local Fund Audit Department Test (Higher) -3 Papers- | 1. Acts and Rules as described hereunder.<br>(a) Constitution of India.<br>(b) Kerala Municipal Act 1994 and the Rules thereunder.<br>(c) The Court of Wards Act and Rules thereunder.<br>(d) LFAD Act and Rules thereunder.<br>(e) Kerala Panchayat Raj Act 1994.<br>(f)The Kerala Local Authorities Entertainment Tax Act and the Rules thereunder.<br>(g) The Kerala Local Authorities Loans Act and Rules thereunder.<br>(h) The Kerala Places of Public Resort Act and the Rules thereunder.<br>(i) The Public Health Act and the Rules thereunder.<br>(j) The Food Adulteration Act and the Rules thereunder.<br>(k) The Town Planning Act and the Rules thereunder.<br>(l) The Kerala Cattle Trespass Act and the Rules thereunder.<br>(m) The Madras Hindu Religious and Charitable Endowments Act and Rules thereunder.<br>(n) The Travancore Cochin Hindu Religious Institutions Act.<br>(o) The Charitable Endowments Acts and Rules thereunder.<br>(p)The Kerala University Act and the Statutes thereunder.<br>(q) The Cochin University Act and the Statutes thereunder.<br>(r) The Calicut University Act and the Statutes thereunder.<br>(s) The Kerala Agricultural University Act and the Statutes thereunder.<br>(t) The Kerala State Housing Board Act and the Rules thereunder. |

| | |
|---|---|
| | **Note:-**Panchayat Manual and the Kerala Municipal Corporation Manual published by Government can be used as reference books as per G.O.(Ms.) No.248/84/Fin. Dated; 9.5.1984.<br><br>2. Finances of Local Bodies and Principles of Local Fund Audit, Principles and Procedure in the Indian Audit Code and Audit Manual with special reference to Local Fund Account.<br>3. Book-keeping and Accountancy. |
| 16. Local Fund Audit Department Test (Lower) -2 Papers - | 1. Acts and Rules<br>(a) LFAD Act and Rules thereunder.<br>(b) Kerala Municipal Act 1994 and the Rules thereunder.<br><br>(c) The Kerala Panchayat Raj Act 1994 and the Rules thereunder.<br><br>(d) Other Enactments:<br>(i) The Charitable Endowments Act and the Rules thereunder.<br>(ii) The Madras Hindu Religious and Charitable Endowments Act and the Rules thereunder.<br>(iii) The Travancore – Cochin Hindu Religious Institutions Act.<br><br>**<u>Note - I</u>**<br>Panchayat Manual and the Kerala Municipal Corporation Manual published by Government can be used as reference books as per G.O.(Ms.) No.248/84/Fin. Dated; 9.5.1984.<br><br>2. General Knowledge, Precis and Drafting .<br><br>(a) Office Procedure in Local Fund Audit Office including Precis and Draft writing.<br>(b) Principles and Procedure of Audit of Fund Accounts. |
| 17. Kerala State Probation Test- 4 Papers- | **Part- I**<br>1. Indian Penal Code<br>2. Criminal Procedure Code, 1973 (Act 2 of 1974) Security Section (Chapter VIII – Sections 106 to 124) Maintenance of Public Order and Tranquility (Chapter X Sections 129-132 |

| | |
|---|---|
| | G.O.Ms 3/76/LA and SWD dated 5-1-1976)<br>**Part-II**<br>1.(a) Probation of Offenders Act, 1958 Central and the Kerala Probation of Offenders Rules, 1960<br>(b) Immoral Traffic Prevention Act, 1986 and the Rules framed thereunder.<br>(c) Juvenile Justice Act, 1986 and the Rules framed thereunder and<br>(d) Juvenile Justice (Care and Protection of Children) Act, 2000 (Central Act)<br>(e) Juvenile Justice (Care and Protection of Children) Rules, 2003 (State Rules)<br>(f) Juvenile Justice (Care and Protection of Children) Amendment Act, 2006 (Central Act)<br>(g) Juvenile Justice (Care and Protection of Children) Rules, 2007 (Central Model Rules 2007)<br><br>2. Principles of the Probation System (Probation and related measures- A publication issued by the United Nations) |
| 18. Test on Kerala Police Manual | Police Manual |
| 19. Test on Manual of Office Procedure (Police) | Manual of Office Procedure (Police) |
| 20. Departmental Test for the Ministerial Staff of the Vigilance Division -2 Papers | 1. Police Manual<br>2. Manual of Office Procedure for Officers other than the Secretariat. |
| 21. Forest Test (For Executive and Controlling Staff -3 papers) | 1. General Law<br>(a) The Kerala Forest Act and Rules there under<br>(b) The Kerala Land Acquisition Act<br>(c) The Boundary Act<br>(d) The Cattle Trespass Act<br>(e) The Indian Penal Code Chapters 1 to 5, 9 to 11, 17, 18 and 23 and<br>(f) Indian Criminal Procedure Code, 1973 (Chapters1,5,6,7,15,16,19, 20, 23, 24,26,27 and 30) |

| | |
|---|---|
| | 2. Law – The Kerala Forest Act and Rules there under<br><br>3. Procedure – The Kerala Forest Code and Departmental Rules |
| 22. Forest Test (for Clerical and Protective Staff) -2 papers- | 1. The Kerala Forest Code<br><br>2. Law – The Kerala Forest Act and Rule there under |
| 23. Kerala Co-operative Test -2 Papers- | 1. Elements of Banking<br><br>2. Principles of Co-operation and the Co-operative Societies Act and Rules issued thereunder. The following reference books will be used by the candidate for the preparation of the Test.<br><br>***<u>Banking</u>***<br><br>(i) Banking Law and Practice – By Tannan<br>(ii) Modern Banking in India – By S.K.Muranjan<br><br>***<u>Co-operation</u>***<br><br>(i) Co-operation – Law and Practice – By Calvert<br>(ii) Co-operation at Home and Abroad – By C.R.Fay<br>(iii) Co-operation in India (1962 Edition)- By Prof.Bhagatswaroopp.<br>(iv) Theory and Practice of Co-operation in India – By Prof.Kulkarani<br><br>Candidates should study on the Co-operative Societies Act and Rules and the Madras Co-operative Manual written by Sri.J.C.Rayaon for Co-operation. |
| 24. Canal Rules Test (One Paper) | Canal Rules and Regulations Travancore and Cochin. |
| 25. Agricultural Income-tax and Sales-tax Test - 3 papers- | 1. (a) The Kerala General Sales-tax Act, 1963 and the Rules thereunder |

| | |
|---|---|
| | (b) The Central Sales-tax Act, 1956, the Central Sales-tax (Registration and Turnover) Rules, 1957 and the Central Sales-tax Kerala Rules, 1967<br><br>(c) The Kerala Surcharge on Taxes Act, 1957<br><br>2. Agricultural Income-tax Act and the Rules thereunder<br><br>3. Book-keeping (Theory and Practical) |
| 26. Civil Judicial Test - 2 Papers Only | 1. (a) Indian Civil Procedure Code<br><br>(b) The Kerala Civil Rules of Practice<br><br>2. (a) The Indian Limitation Act<br><br>(b) The Kerala Civil Courts Act<br><br>(c) The Kerala Courts Fee and Suit Valuation Act<br><br>(d) The Kerala Stamp Act |
| 27. Criminal Judicial Test -2 Papers- | 1. (a) Criminal Procedure Code, 1973 (Act 2 of 1974)<br><br>(b)The Travancore – Cochin Criminal Rules of Practice<br>2. The Indian Penal Code . |
| 28. Panchayat Test -4 Papers- | 1. Kerala Panchayat Raj Act 1994 and Rules excluding subject specified under Paper III with specific reference to citizens charter, Ombudsman, Tributed for LSGI's etc.<br><br>2. Allied Acts and Rules including KMBR Regisration & Birth & Death Act 1969, Hindu Marriage Act 1955, Local Fund Audit Act 1994, Registration of marriages (common) Rules 2008, Cinema Regisration Act 1958, Local Bodies Entertainment Tax Act 1961, Public Health Act 1955, (T.C.), Public Health Act 1939 (Madras)<br><br>3. Acts, Rules, Manuals, Government |

| | |
|---|---|
| | Orders/Circulars in respect of Accounts, Audit (LF, AG, Social) Budgeting, Store Purchasing, Public Works Governing the PRIs and functions transferred to PRIs.<br>4. Constitution 73rd, 74th Amendments, Provisions of Writ Jurisdiction<br>Cr.PC 1973 – Chaper VI (of process to compel appearance)<br>Chaper VII (of process to compel production of documents)<br>Chaper X (Public nuisances)<br>C.P.C 1908 – Section 15 to 20,60,79,80 and order XVI, XXI<br>RTI Act – 2005, Disaster Management, Centrally Sponsored Schemes viz, NREGS, RInF, SGSY, PMGSY etc. various Social Security pension, the Person with disabilities (Equal Opportunities, Protection of Right and Full Participation) Act – 1995, Decentralised Planning of PRIs, Five Year Plan with reference to the functions specified under Schedule III, IV, V of Kerala Panchayat Raj Act 1994. Betta service deliver, Front Office system, Good Governance, Civil registration online, Hospital Kiosks, Environmental Protection Act 1986. |
| 29. Departmental Test on Employment Exchange Procedure -2 Papers- | 1. Placement work: This will cover placement work(including placement of physically handicapped) and Collections of Employment Market Information based on the following Chapters in Parts I, II and IV of the National Employment Service Manual Vol.I and Vol.II(With the connected EE Minutes/Notes/Amendments etc. issued from time to time. Chapters V, XIII, XVI and XVIII of Part I and all Chapters Part II and Part IV, N.E.S.M (Vol.I) with relevant Portions of N.E.S.M.(Vol.II).(NESM 1984 edition with Subsequent Changes)<br><br>2. Special Scheme and General Instructions: This will cover Special Schemes like |

| | |
|---|---|
| | Vocational Guidance and Employment Counselling,Occupational Research etc. and the Chapters on (i) Study and Development of Employment Opportunities (ii) Public Relations and Publicity, (iii) Various General Instructions and (iv)Inspections and Technical Evaluation of Employment Exchanges based on the following Chapters in Paras II and III of NESM. Vol.I and Vol.II(With connected E.E Minutes/Notes/ Amendments etc., issued from time to time). Chapters I to IV, XIV, XV and XVII of Part I and all Chapters of Part III. N.E.S. M Vol.I with the relevant portions of N.E.S.M. Vol.II. |
| 30. Kerala Registration Test -4 Papers | **Part – I**<br><br>1. The Indian Registration Act, the Kerala Registration Rules and Table of Fees as prescribed by the Kerala Government<br>2. The Kerala Registration Manual and Circular Orders<br><br>**Part – II**<br><br>The Kerala Stamp Act and the Rules there under and the Indian Stamp Act in respect of documents specified in entry 91 of List I (Union List) of the Seventh Schedule of the Constitution of India and the Rules relating to these documents<br><br>**Part – III**<br><br>(Miscellaneous Act, etc. )<br><br>The Transfer of Property Act, the Evidence Act, the Special Marriage Act, (Central Act 43 of 1954) and the Kerala Special Marriage Rules, 1958 and the Chitties Act and Rules thereunder, the Societies Registration Act and the Documents Writers Licence Rules<br><br>*Note :-* (i) Until such time as the Kerala Registration Manual is published for the second paper in Part I, questions will be based on the Circular Orders issued by the Inspector General of Registration after 1.11.1956 regarding |

| | |
|---|---|
| | matters covered by the Registration Act and Rules and Table of Fees.<br><br>(ii) Till Common Chitties Act and Rules and Societies Registration Act and Rules are introduced, questions in Part III will be set in two compartments 'A' and 'B'. Questions in Compartment 'A' will be compulsory for all the candidates and they will be given option to answering one of the questions in 'B'.<br><br>(a) Compartment 'A' will contain question on:<br><br>(1) The Transfer of Property Act.<br><br>(2) The Evidence Act.<br><br>(3) The Special Marriage Act (Central Act 43 of 1954) and the Kerala Special Marriage Rules, 1958.<br><br>(4) The Kerala Document Writers Licence Rules.<br><br>(b) Compartment 'B' will contain questions on:<br><br>(1)The Travancore Chitties Act and Rules thereunder.<br><br>(2) The Cochin Kuries Act and the Rules.<br><br>(3) The Travancore –Cochin Societies Registration Act (Act XII of 1958); and<br><br>(4) The Madras Societies Registration Act (One full question will be set on each of the 4 items above). |
| 31. Departmental Test on laws relating to Motor Vehicles for the Members of the Kerala Transport Subordinate Service and the Ministerial Staff of the Motor Vehicles Department -2 Papers. (for Visually impaired) | (1) Motor Vehicles Act, 1939 (Central Act IV of 1939) as amended and the Kerala Motor Vehicles Rules, 1961<br><br>(2) Kerala Motor Vehicles Taxation Act, 1976 and the Rules made thereunder. (G.O.(P)215/76/PW dated; 22.9.1976). |

| | |
|---|---|
| 32. Departmental Test in Code of Criminal Procedure and the Kerala Manual of Office Procedure (for the Motor Vehicles Inspectors in the Kerala Transport Service). | The Code of Criminal Procedure,1973 (Act 2 of 1974). Covering Chapters I to VII, XII, XIII, XV to XVII, XIX to XXI, XXIIIA, XXIIIB, XXIV, XXVII, XXIX, XXXII and Kerala Manual of Office Procedure (G.O.Rt.1673/ 75/PW dated; 9.12.1975). |
| 33. Scheduled Caste Development Department Test (One Paper) | Hand Book of the Harijan Welfare Department |
| 34. Test in Kerala Education Act and Rules (One Paper) | Kerala Education Act and Rules |
| 35. Labour Department Test -3 Papers | **Part – I**<br>The following Acts and Rules administered by the Labour Department:-<br><br>1. Plantation Labour Act, 1961.<br>2. Minimum Wages Act, 1948.<br>3Child Labour (Prohibition & Regulation) Act,1986.<br>4. Motor Transport Workers Act, 1961.<br>5. Kerala Shops and Commercial Establishments Act, 1960.<br>6. Payment of Wages Act,1936 ( in respect of establishment other than Factories).<br>7.The Beedi and Cigar Workers(Conditions of Employment )Act, 1966 and<br>8. The Motor Transport Workers (Payment of Fair Wages) Act, 1971.<br><br>**Part – II**<br><br>The following Acts and Rules administered by the Labour Department :-<br><br>1. Industrial Disputes Act, 1947.<br>2. Industrial Employment (Standing Orders Act, 1946).<br>3. Indian Trade Union Act, 1926.<br>4. Working Journalists (Conditions of Service and Miscellaneous Provisions )Act, 1955.<br>5. Working Journalists (Fixation of Rates of Wages) Act, 1958.<br>6. Maternity Benefit Act, 1961 (Central Act).<br>7. Kerala Industrial Establishments (National and Festival Holidays) Act, 1977.<br>8. The Employees Compensation Act, 1923.<br>9. The Payment of Bonus Act, 1965 and |

| | |
|---|---|
| | 10. The Kerala Industrial Employees Payment of Gratuity Act, 1970.<br>11.The Interstate Migrant Workmen (Regulation of Employment and conditions of service) Act 1979.<br>12.Labour Laws (Exemption from Furnishing Returns and maintaining Registers by Certain Establishment) Act, 1988<br>13. The Building & other Construction workers (Regulation of Employment & Condition of Service) Act, 1996<br>14. The Building & other construction workers welfare Cess Act, 1996.<br><br>**Part – III**<br><br>The following Acts and Rules administered by the Labour Department:-<br><br>1. The Contract Labour (Registration and Abolition ) Act, 1970.<br>2. The Payment of Gratuity Act, 1972.<br>3. The Kerala Payment of Subsistance Allowance Act, 1973.<br>4. The Kerala Agricultural Workers Act, 1974.<br>5. The Equal Remuneration Act, 1976.<br>6. The Sales Promotion Employees (Conditions of Service) Act, 1976.<br>7. The Kerala Casual Temporary and Badali workers (Wages) Act 1989<br>8. The Kerala Head Load Workers Act 1978. |
| 36. Animal Husbandry Department Test (One paper) | Animal Husbandry Department Manual |
| 37. Excise Test- Parts A & B -3 papers | **Part A- Excise Manual**<br><br>***First Paper***<br>Abkari Acts and Rules and Notifications<br><br>***Second Paper***<br>Prohibition Act and Rules, Medicinal and Toilet Preparation Act, and Rules. The Narcotic Drugs and Psychotropic Substances Act 1985 and the Rules made there under by the Government of India and Government of Kerala, Spirituous preparation, Inter-state Trade |

| | |
|---|---|
| | and Commerce Control Act, Rules<br><br>**Part B- Criminal Law**<br>Criminal Procedure Code, 1973 (Act 2 of 1974), Evidence Act and Indian Penal Code |
| 38. The Kerala Port Department Test (One paper-) | 1. The Kerala Port Department Manual<br>2. The Indian Ports Act, 1908 (Act XV of 1908)<br>3. The Merchant Shipping Act, 1958 (Act XLIV of 1958)<br>4. The Indian Light House Act<br>5. The Madras Minor Ports Harbour Crafts Rules, 1953<br>6. Port Conservancy Rules, Port Pier Rules governing the Warehousing of goods in the Government sheds and **godowns** at the Port of Travancore-Cochin, Port Cargo Boats Rules and Rules for the working of Tugs "Alappuzha" and "Venad" issued in Notification No. PWC 4-3496/55/PWC dated 18/10/1955 amended from time to time.<br><br>7. Note for the guidance of Officers in Common Wealth Countries Overseas, Territories and the Irish Republic (British Merchant Shipping and Seaman Revised). Issued by the Ministry of Transport 1963.<br>(i) The Merchant Shipping (Registration of Sailing Vessels) Rules, 1960.<br>(ii) The Merchant Shipping (Tonnage fee Measurement of Sailing Vessels) Rules, 1960.<br>(iii) The Sailing Vessels (Assignment of Free Board) Rules, 1960.<br>(iv) The Sailing Vessels (Statement of Crew) Rules, 1960 and the Sailing Vessels (Inspection) Rules, 1962.<br>(v) The Indian Merchant Shipping (Life Savings Appliances) Rules, 1956<br>(vi) Merchant Shipping (Distressed Seamen) Rules 1960<br>(vii)Merchant Shipping (Continuous |

| | |
|---|---|
| | Discharge Certificates) Rules, 1960.<br>(viii) Merchantile Marine Circulars issued by the Government of India from time to time<br>(ix) Sea Rescue Operations<br>(x) The Inland Vessels Act 1917 as amended by the Inland vessels Act 2007<br>(xi) Kerala Inland Vessels Rules 2010<br>(xii) International Maritime Organization structure and functions<br>(xiii) UN Conventions and Protocols on maritime law and regulations<br>(xiv) Coastal Zone Regulation Rules<br>(xv) Dock workers Safety Rules<br>(xvi) Marine pollution and oil slicks. |
| 39. Test in Weights and Measures Act and Rules (One paper) | 1. Standards of Weights and Measures Act, 1976<br>2. Standards of Weights and Measures (P.C) Rules, 1977<br>3. Standards of Weights and Measures (General) Rules, 1987.<br>4. Standards of Weights and Measures (Approval of Models) Rules, 1987.<br>5. Standards of Weights and Measures (Inter-state Verification and Stamping) Rules, 1987.<br>6. Standards of Weights and Measures (Numeration) Rules, 1987.<br>7. Standards of Weights and Measures (National Standards) Rules, 1987.<br>8. Standards of Weights and Measures (Enforcements) Act, 1985<br>9. Standards of Weights and Measures (Enforcement) Rules, 1992 |
| 40. Departmental Test for Assistant Electrical Inspectors (2 papers) | Paper-I<br><br>Function of Electrical Inspectorate, Kerala State Electricity Board Ltd., Kerala State Electricity Regulatory Commission, Energy Management Centre and such other statutory organisations and statutory provisions as envisaged in central statutes pertaining to |

| | |
|---|---|
| | generation, transmission, distribution, and use of electrical energy provided under the Electricity Act, 2003, Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2010, Energy Conservation Act 2001, and Codes prescribed by the Bureau of Indian Standards General ideas regarding functioning of Central Electricity Authority, Bureau of Energy Efficiency, Central Electricity Regulatory Commission, State Regulatory Commission etc., Obligations of Licensees as envisaged in the basic statues.<br><br>Paper-II<br><br>Various provisions in the State Regulations such as Kerala Electricity Duty Act, 1963, Kerala Electricity Duty Rules, 1963, Kerala Cinemas (Regulation) Act, 1958, Kerala Cinemas (Regulation) Rules, 1988, Kerala State Electricity Licensing Board Rules, Kerala Lift and Escalators Act 2013 and the Rules made thereunder, Kerala Electricity Supply Code 2014, obligations of licensed electrical contractors and consumers as envisaged in State Regulations |
| 41. Kerala State Housing Board Act and Rules (One paper ) | (i) Kerala State Housing Board Act, 1971 (19 of 1971)<br>(ii) Kerala State Housing Board Establishment Regulations, 1977<br>(iii) Kerala State Housing Board Establishment Regulations (Maintenance of Accounts) Rules, 1984<br>(iv) Kerala State Housing Board Establishment Regulations Allotment Regulations. |
| 42. Departmental Test on Kerala Head Load Workers Rules (One Paper) | 1. Minimum Wages Act, 1948.<br>2. Payment of Wages Act, 1936<br>3. Workmen Compensation Act, 1923.<br>4. Payment of Bonus Act, 1965.<br>5. Kerala Head Load Worker (Regulation of Employment and Welfare)Scheme 1983.<br>6. Kerala Head Load Worker Act, 1978. |

| | | |
|---|---|---|
| | | 7. Industrial Dispute Act, 1947.<br>8. Kerala Head Load Worker Welfare Board Staff (Appointment, Service Conditions, Code and Conduct) Rules 2002). |

**ANNEXURE-B**

**<u>REVENUE TEST – 4 PAPERS</u>**

| | Name of Test | Syllabus |
|---|---|---|
| 43 | Revenue Test – I Paper | 1. Land Acquisition Act – 1894<br>2. Kerala Land Relinquishment Act –1958<br>3. Kerala Survey and Boundaries Act-1961<br>4. Kerala Escheats and Forfeitures Act 1968<br>5. Kerala Treasure Troves Act – 1968<br>6. Kerala Requisitioning and Acquisition of Property Act 1981<br>7. Kerala Road Fund Act – 2001<br>8. Kerala Land Utilisation Order – 1967<br>9. Kerala protection of Paddy Land and Wet Land Act – 2008<br>10. National Highway Act - 1956 |

| | | |
|---|---|---|
| 44 | Revenue Test – II Paper | 1. Kerala Government Land Assignment Act – 1960<br>2. Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act – 1999<br>3. Kerala Scheduled Tribe (Restoration on Transfer of Lands and Restoration of Alinated Land Act – 1975)<br>4. Kerala Land Conservancy Act – 1957<br>5. Kerala Land Development Act – 1964<br>6. Kerala Land Development Corporation Limited (Special Powers) Act – 1974<br>7. Kerala Service Inam Lands (Vesting and Enfranchisement) Act – 1981<br>8. Kerala Highway Protection Act – 1999<br>9. Kerala Protection of River Bank's and Regulation of Removal of Sand Act – 2001<br>10. Kerala Stay of eviction proceedings Act – 2001<br>11. Kerala Private Forest (Vesting and AssignmentAct – 1971)<br>12. Sree Pandaravaka Lands (Vesting and Enfranchisement) Act – 1971<br>13. Sreepadam Lands Enfranchisement Act – 1969<br>14. Malabar Land Registration Act – 1895<br>15. Kannan Devan Hills (Resumption of Lands) Act – 1971<br>16. Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act 2006 |
| 45 | Revenue Test – III Paper | 1. Kerala Land Reforms Act – 1963<br>2. Kerala Land Tax Act – 1961<br>3. Kerala Revenue Recovery Act – 1964<br>4. Kerala Public Accountants Act – 1963<br>5. Kerala Board of Revenue Abolition Act – 1996<br>6. Transfer of Registry Rules – 1966<br>7. Kerala Plantation Tax Act – 1960<br>8. Kerala Building Tax Act – 1975<br>9. Kerala Building (Leases and Rent Control) Act – 1965<br>10. Kerala Stamp Act 1959 |
| 46. | Revenue Test – IV Paper | Unified Village Manual Common Paper |

ANNEXURE-C

Here affix a recent passport size photo graph of the candidate and attested it by the Identifying Officer

**KERALA PUBLIC SERVICE COMMISSION**
**APPLICATION FOR ADMISSION TO DEPARTMENTAL TESTS**
**(VIVA-VOCE)FOR BLIND CANDIDATES JANUARY 2016**

Name, Designation and
Signature of Head of Office/Department
(To be signed on the photograph)

( OFFICE SEAL )

---

1. Region of Viva-Voce (See Para 1 of Notification) :
(Any one of the Region' s given in the Notification)

---

2 Name of the candidate with initials :
(in Block letters)

---

3 Address to which communications :
are to be sent

---

4 Designation and Full Official Address :

---

5 Contact Number if any :

---

6 State whether the candidate is in
Service [specify details] :

---

7 Test for which the candidate desires to appear
(See Admission Ticket in the next sheet) :

*Name of Test*

---

1.
2
3
4
5
6
7
8
9

8.Amount of Fee Remitted : Rs……….Chalan No …………..Date………
**(@Rs.75/- per paper)** * Postal Order No………………………
(Court Fee Stamp will not be accepted) * (For candidates residing outside Kerala)

9. If exempted from the payment of fee
State whether this is the free chance for each Test:
(See para 5 and Note A of the Notification)

10.Have you availed of free chance earlier for any
of the Departmental tests :
(If so state the names of Tests and Reg. Nos.)

Declaration

I declare that the particulars furnished above are correct

Station:
Date:

Signature/Thumb Impression
of Candidate

## CERTIFICATE

Certified that the candidate is eligible for exemption from payment of fee, being obligatory test for the post that, this is the **free chance** for the following test/ tests and that necessary entries have been made in the Service Book of the Candidate

1.
2.
3.

Station :
Date :

Name & Signature of the Head of the Office/ Department
(Designation and Address)

(Office Seal)

***Note:*** 1. Free chance is for a test and not for the individual papers of a test.

2. Exemption from the payment of examination fee will be allowed for the test required for probation and promotion to a higher post coming in the line of promotion in the Department concerned.
3. When the candidate himself is the Head of Office, he must obtain the countersignature of his/her Superior Officer.
4. The candidate should sign on page 1 and 3 of the application form.
5. The candidate should affix two recent passport size photographs on page 1 and 3 of this form and get them attested by their respective Head of office(Attesting Officer should indicate his/her name and designation)
6. Head of Office means the Drawing and Disbursing Officer or his/her superior Officer.

ANNEXURE -D

**KERALA PUBLIC SERVICE COMMISSION**
**DEPARTMENTAL TEST FOR BLIND CANDIDATES ( VIVA-VOCE) JANUARY 2016**
**ADMISSION TICKET**

(for office use only)
SCHEDULE FOR VIVA-VOCE

**REGISTER NUMBER**

**Date of Viva-voce:**

***Time :**
**Venue :**

Office seal

Here affix a recent passport size photograph of the candidate attested by the Identifying Officer .

**Name, Designation and Signature of Head of Office/Department (To be signed on the photograph)**

| Name and Address of Candidate (To be filled up by the candidate) | |
|---|---|
| Permanent | Official |
| | |

| Sl.No | **Name of Test** (As entered in column 7 of the application) |
|---|---|
| | |

Signature/Thump Impression of candidate

The candidate whose photograph and signature given above are identified by me.

Signature, Name & Designation
of the Head of Office /Department

Station:
Date :

Office seal

**For Office use only**

Date of issue……………………………………….. Secretary
Issuing Assistant……………… Kerala Public Service Commission
(Office Seal)

***NB: The candidate should be present with the originals of disability certificate, identity certificate and admission ticket for verification at .........am on the date of Viva-Voce at his/her own expense.**

## **Instructions**

i) Recent Passport size Photograph of the candidate is to be affixed in the space provided on the top of the Admission Ticket and should be attested by the Head of Office/Gazetted Officer.

ii) Head of Office means the Drawing and disbursing Officer or any other Superior Officer.

iii) The candidate should produce the original and attested copy of disability certificate, identity certificate to prove identity and admission ticket at the time of verification prior to viva-voce.

iv) The candidate should sign or put thump impression against his/her name in the verification sheet at the time of verification.

v) The candidate should verify the name of test for which he/she is admitted for the viva-voce.

-------------------